LIBRARY ARCHIVES Kerala Legislative Assembly

## സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസരംഗം

16 (1033) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നത വിദ്യാഭ്യാസത്തിനുള്ള പ്രവേശനാനുപാതം സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കുറവാണെന്നതുകൊണ്ട് ഉന്നതവിദ്യാഭ്യാസ രംഗത്ത് നാം പുറകിലേക്ക് പോകുന്നു എന്ന ആരോപണം ശ്രദ്ധയിൽവന്നിട്ടുണ്ടോ ; എങ്കിൽ യഥാർത്ഥ വസ്തുതകൾ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) വിദ്യാഭ്യാസ രംഗത്ത് മാറിവരുന്ന പ്രവണതകൾക്കും സാമൂഹ്യ ആവശ്യകതയ്ക്കും അനുസരിച്ചും സംസ്ഥാനത്തിന്റെ സാമൂഹ്യ സാമ്പത്തിക സാഹചര്യങ്ങൾ ക്കനുസൃതമായ മാറ്റങ്ങൾക്ക് കാലവിളംബം വന്നതുമൂലവും പ്രസ്തുത മേഖലയ്ക്ക് ലഭിക്കേണ്ട സാമ്പത്തിക സഹായങ്ങൾ നഷ്ടമായെന്ന കണ്ടെത്തലുകളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ വ്യക്തമാക്കുമോ ;

(സി) ഉന്നത വിദ്യാഭ്യാസ മേഖല കാലികവും ചലനാത്മകവുമാക്കാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ കേരളം പിന്നോട്ടുപോയി എന്നു പറയാനാവില്ല. 2009-10-ൽ പ്രവേശന അനുപാതം (GER) 13.8 ആയിരുന്നത് 2010-11-ൽ 19.4-ലും 2014-15-ൽ 24%-ൽ കൂടുതൽ ആണ്. 2012-13-ൽ ഇന്ത്യയുടെ (GER) 18% ആയിരുന്നു. എന്നാൽ കേരളത്തിന്റേത് 21.9% ആണ്.

(ബി) വിദ്യാഭ്യാസരംഗത്ത് മാറിവരുന്ന പ്രവണതകൾക്കും, സാമൂഹ്യ ആവശ്യകതയ്ക്കും സംസ്ഥാനത്തിന്റെ സാമൂഹ്യ, സാമ്പത്തിക സാഹചര്യങ്ങൾക്കനുസൃതവുമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വിദ്യാഭ്യാസ മേഖലയിൽ വിവിധ പരിപാടികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ റൂസ സംസ്ഥാനത്ത് നടപ്പാക്കുകയും 15 സർക്കാർ ആർട്സ് & സയൻസ് കോളേജുകൾക്കും 4 സർവ്വകലാശാലകൾക്കും 110 കോടി രൂപയുടെ ഇൻഫ്രാസ്ട്രക്ച്ചർ ഗ്രാന്റ് ലഭ്യമാക്കുകയും ചെയ്തു.

(സി) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഉന്നത വിദ്യാഭ്യാസ മേഖല കാലികവും ചലനാത്മകവുമാക്കാൻ പുതുമയുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. കേരള സ്റ്റേറ്റ് അക്രെഡിറ്റേഷൻ & അസ്സസ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്നതിനും ഫാക്കൽറ്റി ട്രെയിനിംഗ് അക്കാഡമി ആരംഭിക്കുന്നതിനും ഏകീകൃത സർവ്വകലാശാല നിയമം കൊണ്ടുവരാനുമുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. വിവിധ കോളേജുകൾക്ക് സ്വയംഭരണ പദവി നൽകി. വിദ്യാർത്ഥികൾക്ക് കൂടുതൽ അക്കാദമിക സ്വാതന്ത്ര്യം നൽകുന്നതിനായും അന്തർ-വൈജ്ഞാനിക പഠനം പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ മാതൃകയിലുള്ള പാഠ്യരീതി നടപ്പിലാക്കിയിട്ടുണ്ട്.

## കോളേജുകളിൽ സംരംഭകത്വ വികസന ക്ലാസുകൾ

17 (1034) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജുകളിൽ സംരംഭകത്വ വികസന ക്ലാസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും ഇതിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോയെന്നും വിശദീകരിക്കാമോ ;

(സി) പ്രസ്തുത ക്ലാസുകളുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ-സി) കോളേജുകളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്ത് വർഷംതോറും പുറത്തിറങ്ങുന്ന ഒരു ലക്ഷത്തോളം ബിരുദധാരികളിൽ നല്ലൊരുവിഭാഗം വിദ്യാർത്ഥികൾക്ക് സംരംഭകത്വ ആശയം ഉണ്ടെങ്കിലും അവ പ്രാവർത്തികമാക്കുന്നതിനുള്ള സാഹചര്യവും പിന്തുണയും ലഭിക്കുന്നില്ല. വിദ്യാർത്ഥികളുടെ സംരംഭങ്ങൾക്ക് പ്രചോദനം നൽകേണ്ടത് കേരളത്തിന്റെ വികസനത്തിന് അനിവാര്യമാണെന്ന് കണ്ടതിനാലാണ് സംരംഭകത്വ ക്ലബ്ബുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. വിദ്യാർത്ഥികൾ തൊഴിൽ അന്വേഷകർ

LIBRARY ARCHIVES Kerala Legislative Assembly